GOVERNMENT OF KERALA

**സംഗ്രഹം**

**തദ്ദേശസ്വയംഭരണ വകുപ്പ് - പകർച്ചവ്യാധികളുടെ അടിയന്തിര നിയന്ത്രണം മാലിന്യനിർമ്മാർജ്ജനം- ഒരു വർഷക്കാലത്തെ ജനകീയ സംരംഭം - സ്വകാര്യ വ്യക്തികൾക്കുള്ള സബ്സിഡി നിരക്ക് വർദ്ധിപ്പിച്ച് ഉത്തരവ്പുറപ്പെടുവിക്കുന്നു.**

---

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

**സ.ഉ (എം.എസ്) നമ്പർ 318/2011/തസ്വഭവ തീയതി, തിരുവനന്തപുരം 20.12.2011.**

---

**പരാമർശം: 1) ജി.ഒ.(എം.എസ്)നം.73/11/തസ്വഭവ തീയതി 01.3.2011.**
**2) സ.ഉ.(എം.എസ്) നം. 240/11/തസ്വഭവ തീയതി 30.9.2011.**

**ഉത്തരവ്**

സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യം വെച്ചു കൊണ്ട് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് ശക്തമായ ഒരു സമ്പൂർണ്ണ ശുചിത്വ കാമ്പയിൻ 2011 ഒക്ടോബർ മാസം രണ്ട് മുതൽ ഒരു വർഷക്കാലത്തേക്ക് ഒരു ജനകീയ സംരംഭമായി സംഘടിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മാലിന്യസംസ്കരണ സംവിധാനം ശക്തമാക്കുന്നതുമായി ബന്ധപ്പെട്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്ക് പരാമർശം(2)ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൽ ഖരമാലിന്യസംസ്കരണം സ്വമേധയാ നടപ്പിലാക്കുന്ന സ്വകാര്യവ്യക്തികൾക്കുള്ള സബ്സിഡി നിരക്ക് വർദ്ധിപ്പിക്കുന്നതിനും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം സ്വകാര്യവ്യക്തികൾക്കുള്ള പരമാവധി സബ്സിഡി 50% മായി നിജപ്പെടുത്തിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഖരമാലിന്യ സംസ്കരണം (vermicompost/compost/ബയോഗ്യാസ് പ്ലാന്റ്, മുതലായവ) നടപ്പാക്കുന്ന സ്വകാര്യവ്യക്തികൾക്കുള്ള ധനസഹായം പരമാവധി 5000/- രൂപയോ, 75 ശതമാനമോ ഇതിലേതാണു കുറവ് അത് വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ശുചിത്വമിഷൻ നിശ്ചയിക്കുന്ന നിരക്കായിരിക്കും സഹായം നിശ്ചയിക്കാൻ ഉപയോഗിക്കുന്ന അടിസ്ഥാനം.

പ്രോജക്ട് കോസ്റ്റിന്റെ 25% ഗുണഭോക്താവും 25% അതാത് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളും, 50% സംസ്ഥാനസർക്കാരും വഹിക്കേണ്ടതാണ്. സംസ്ഥാനസർക്കാർ അനുവദിക്കുന്ന സബ്സിഡി തുകയ്ക്ക് ആനുപാതികമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാവുന്നതാണ്. ബി.പി.എൽ, എ.പി.എൽ വ്യത്യാസമില്ലാതെ എല്ലാ ഗുണഭോക്താക്കൾക്കും സബ്സിഡിയ്ക്ക് അർഹതയുണ്ടായിരിക്കും. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ മാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള അവബോധം ജനങ്ങൾക്ക് ലഭിക്കത്തക്കവിധത്തിൽ വിവിധ വാർഡുകളിൽ നിന്നുള്ളവരെ തദ്ദേശസ്വയംഭരണ സ്ഥാപനം തീരുമാനിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി തെരഞ്ഞെടുക്കേണ്ടതാണ്.

ഗാർഹിക മാലിന്യസംസ്കരണത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സർക്കാർ അംഗീകൃത സേവനദാതാക്കളുടെ ലിസ്റ്റിൽ നിന്നും സേവനദാതാവിനെ തെരഞ്ഞെടുക്കേണ്ടതാണ്. ഗുണഭോക്താവിന്റെ താൽപര്യം കൂടി കണക്കിലെടുത്തുവേണം സേവനദാതാവിനെ തെരഞ്ഞെടുക്കാൻ. തദ്ദേശഭരണസ്ഥാപനത്തിന്റെ ഗുണഭോക്താവിന്റെ തെരഞ്ഞെടുപ്പിനും പണി പൂർത്തീകരിച്ചതിനും ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാങ്കേതികവിഭാഗം ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക നിർവ്വഹണം നടത്തുന്ന സേവനദാതാക്കൾ വഴിയോ, നേരിട്ടോ ഗുണഭോക്താവിന് ലഭ്യമാക്കാവുന്നതാണ്. ഇക്കാര്യങ്ങൾ വ്യക്തമാക്കുന്ന ഒരു കരാർ തദ്ദേശസ്വയംഭരണ സ്ഥാപനവും, സേവനദാതാവും, ഗുണഭോക്താവും ചേർന്ന് ഒപ്പുവയ്ക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
ജയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസനവകുപ്പ് കമ്മീഷണർ മുഖേന)
ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit),Kerala, Thiruvananthapuram.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E),Kerala, Thiruvananthapuram.
അക്കൗണ്ടന്റ് ജനറൽ (Audit, A&E), തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ്: 1) പ്രിൻ.സെക്രട്ടറിയുടെ പി.എ യ്ക്ക്. 2) സെക്രട്ടറിയുടെ പി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ